ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02-07-2024**

## പ്രധാനവാർത്തകൾ

1). **രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ലോക് സഭയിൽ മറുപടി പറയും.**

2). **കേരളത്തിൽ നിന്ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട മൂന്ന് എംപിമാർ രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.**

3). **പകർച്ച വ്യാധികൾ സംബന്ധിച്ച അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.**

4). **മുതലപ്പൊഴിയെ അപകടരഹിതമാക്കാനുള്ള 164 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര അംഗീകാരം ലഭിച്ചതായി മന്ത്രി വി എൻ വാസവൻ നിയമസഭയിൽ.**

5). **സംസ്ഥാനത്ത് ഇന്നും പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

6). **ജോർദാനിൽ നടന്ന അണ്ടർ - 23 ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ എക്കാലത്തെയും മികച്ച പ്രകടനവുമായി ഇന്ത്യ ഒന്നാമത്.**

RNU TVPM

==========================================

**പാർലമെൻറിൽ ഇന്ന്**

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ലോക് സഭയിൽ മറുപടി പറയും. നാളെ രാജ്യസഭയിലും പ്രധാനമന്ത്രി പ്രസംഗിക്കും. ന്യൂഡൽഹിയിൽ നടന്ന എൻഡിഎ പാർലമെൻ്ററി പാർട്ടി യോഗത്തിന് ശേഷം പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജുവാണ് ഇക്കാര്യം അറിയിച്ചത്.

അതിനിടെ, രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളും പുനരാരംഭിച്ചു. ലോകത്തെ അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറിയിട്ടും ആളോഹരി വരുമാനം കുറവാണെന്ന് സമാജ്‌വാദി പാർട്ടിയുടെ അഖിലേഷ് യാദവ് വിമർശിച്ചു. കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നടത്തിയ പരാമർശത്തിനെതിരെ ബിജെപി നേതാവ് സന്തോഷ് പാണ്ഡെയും രംഗത്തെത്തി.

PNU TVPM

==========================================

**രാജ്യസഭ - സത്യപ്രതിജ്ഞ**

കേരളത്തിൽ നിന്നുള്ള മൂന്ന് എംപിമാർ രാജ്യസഭയിൽ സത്യപ്രതിജ്ഞ ചെയ്തു. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് നേതാവും സുപ്രീം കോടതി അഭിഭാഷകനുമായ ഹാരിസ് ബീരാൻ, കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ മാണി, സിപിഐ അസിസ്റ്റന്റ് സെക്രട്ടറി പി പി സുനീർ എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്തത്. മലയാളത്തിലായിരുന്നു പി പി സുനീറിൻറെ സത്യപ്രതിജ്ഞ.

==========================================

## നിയമസഭ - അടിയന്തര പ്രമേയം

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പകർച്ച വ്യാധികൾ സംബന്ധിച്ച അടിയന്തിര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചായിരുന്നു വാക്ക് ഔട്ട്. സംസ്ഥാനത്ത് മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ച വ്യാധികൾ പടരുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ടി വി ഇബ്രാഹിം ആണ് നോട്ടീസ് നൽകിയത്. പകർച്ച വ്യാധികളെ നിയന്ത്രിച്ച് ശാശ്വത പരിഹാരമുണ്ടാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു.

മലപ്പുറത്ത് ശാസ്ത്രീയമായ ഇടപെടലിൻറെ ഫലമായി മഞ്ഞപ്പിത്ത രോഗബാധ റിപ്പോർട്ട് ചെയ്ത ഇടങ്ങളിൽ സ്ഥിതി നിയന്ത്രണ വിധേയമാണെന്ന് മന്ത്രി വീണ ജോർജ് മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു.

==========================================

## നിയമസഭ - മന്ത്രിമാർ

സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നതായി മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭയിൽ അറിയിച്ചു. കടലാക്രമണം രൂക്ഷമായ 10 ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പ്രത്യേക സുരക്ഷ ഒരുക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. പട്ടിക ജാതി വിഭാഗത്തിലുള്ളവരുടെ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പൂൾഡ് ഫണ്ട് കാലാനുസൃതമായി വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി മന്ത്രി ഒ ആർ കേളു അറിയിച്ചു. വിദേശത്ത് ജോലിക്കും പഠനത്തിനുമായി പോകുന്ന പട്ടിക ജാതി - പട്ടിക വർഗ വിഭാഗത്തിൽ

RNU TVPM

പ്പെട്ടവർക്കുള്ള ധനസഹായം കാലതാമസം കൂടാതെ നൽകുമെന്നും മന്ത്രി സഭയിൽ വ്യക്തമാക്കി.

==========================================

**മുതലപ്പൊഴി സജി ചെറിയാൻ - (ഇൻട്രോ)**

തിരുവനന്തപുരം മുതലപ്പൊഴിയെ അപകടരഹിതമാക്കാനുള്ള എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ നിയമസഭയിൽ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനം സമർപ്പിച്ച 164 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതായി മന്ത്രി സജി ചെറിയാന് വേണ്ടി മന്ത്രി വി.എൻ വാസവൻ സഭയിൽ മറുപടി നൽകി.

(മന്ത്രി ബൈറ്റ്.................)

==========================================

**മുതലപ്പൊഴി - രാപ്പകൽ സമരം**

മുതലപ്പൊഴിയിലെ അപകടങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ കോൺഗ്രസിൻറെ നേതൃത്വത്തിൽ ഇന്നും നാളെയും രാപ്പകൽ സമരം നടത്തും. ഇന്ന് വൈകുന്നേരം അഞ്ചുമണി മുതൽ നാളെ വൈകുന്നേരം അഞ്ചുമണി വരെയാണ് രാപ്പകൽ സമരം സംഘടിപ്പിക്കുന്നത്. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ രാപ്പകൽ സമരം ഉദ്ഘാടനം ചെയ്യും.

PIU TVPM

==========================================

**സിവിൽ സർവീസസ് പ്രിലിമിനറി ഫലം**

സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ മെയിൻ പരീക്ഷയ്ക്കുള്ള വിശദമായ അപേക്ഷാ ഫോറം സമർപ്പിക്കേണ്ടതാണ്. മാർക്ക്, കട്ട് ഓഫ് മാർക്ക്, ഉത്തരസൂചിക എന്നിവ പരീക്ഷയുടെ മുഴുവൻ നടപടിക്രമങ്ങളും അവസാനിച്ചതിന് ശേഷം വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുമെന്ന് UPSC അറിയിച്ചു.

==============================================

## നാഷണൽ ടെസ്റ്റിങ് ഏജൻസി

നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പൊതുജനാഭിപ്രായം തേടി കേന്ദ്ര സർക്കാർ. ഡോ. കെ രാധാകൃഷ്ണൻറെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയാണ് വിഷയത്തിൽ രക്ഷിതാക്കളോടും വിദ്യാർത്ഥികളോടും അഭിപ്രായം തേടിയത്. പരീക്ഷാ നടത്തിപ്പ്, സുരക്ഷ, NTA യുടെ പ്രവർത്തനം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ പൊതുജനങ്ങൾക്ക് ഈ മാസം ഏഴ് വരെ അറിയിക്കാം.

==============================================

## പുതിയ ക്രിമിനൽ നിയമങ്ങൾ

ഇന്നലെ പ്രാബല്യത്തിൽ വന്ന മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ ആധുനിക ക്രിമിനൽ നീതിന്യായ വ്യവസ്ഥയിലേക്ക് രാജ്യത്തെ നയിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഇതോടെ ക്രിമിനൽ നീതിന്യായ വ്യവസ്ഥ പൂർണ്ണമായും 'സ്വദേശി' വത്ക്കരിക്കപ്പെട്ടതായും അദ്ദേഹം പറഞ്ഞു. പുതിയ നിയമങ്ങൾ ഇരയുടെ അവകാശങ്ങളും വേഗത്തിലുള്ള നീതി നിർവഹണവും ഉറപ്പാക്കുമെന്നും ശ്രീ ഷാ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

==============================================

## വനമഹോത്സവം

ഈ വർഷത്തെ വനമഹോത്സവത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എ.കെ ശശീന്ദ്രൻ ഇന്ന് വനം വകുപ്പ് ആസ്ഥാനത്ത് നിർവ്വഹിക്കും. വനമിത്ര പുസ്കാര വിതരണം, രാജ്യാന്തര പരിസ്ഥിതി ചലച്ചിത്രമേള , അരണ്യം മാസികയുടെ പ്രത്യേക പതിപ്പിന്റെ പ്രകാശനം, സംരക്ഷിത വനങ്ങളെ സംബന്ധിച്ച കോഫി ടേബിൾ ബുക്ക്, മികച്ച നഗരവനത്തിനുള്ള

അവാർഡ് വിതരണം, H.A.W. സോഫ്റ്റ് വെയർ കൈമാറൽ, സൗജന്യ നേച്ചർ ക്യാമ്പ് ആപ് ഉദ്ഘാടനം, സർപ്പ ബുക്ക്ലെറ്റ് ഉദ്ഘാടനം എന്നിവയും ചടങ്ങിന്റെ ഭാഗമായി നടക്കും.

==================================================

**<u>അമീബിക് മസ്തിഷ്കജ്വരം</u>**

അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിൽസയിൽ കഴിയുന്ന രാമനാട്ടുകര സ്വദേശിയായ 12 വയസ്സുകാരൻ്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. പതിനായിരത്തിൽ ഒരാൾക്ക് ബാധിക്കുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുകയുമാണ് ചെയ്യുന്നത്.

RNU TVPM

==================================================

**<u>വീണാ ജോർജ്-അമീബ</u>**

സംസ്ഥാനത്ത് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസിസുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗരേഖ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ്. രോഗബാധയെ കുറിച്ച് ജനങ്ങളിൽ അവബോധം ശക്തിപ്പെടുത്താൻ മന്ത്രി ആരോഗ്യവകുപ്പിന് നിർദേശം നൽകി. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. ചെവിയിൽ പഴുപ്പുള്ള കുട്ടികൾ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ലെന്നും രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. രോഗബാധ ഉണ്ടായി ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിലാണ് ലക്ഷണങ്ങൾ ഉണ്ടാകുന്നത്. തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി,

കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ.

=========================================

**മലയോര പട്ടയം**

മലയോര പട്ടയ വിവരശേഖരണത്തിനുള്ള അപേക്ഷകൾ ഈ മാസം 25- വരെ നൽകാം. 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്കാണ് അവസരം. വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ പട്ടികയിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, ഇതുവരെ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങിയ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചു.

RNU TVPM

=========================================

**കണ്ണൂർ - ട്രെയിൻ സർവീസ് - (ഇൻട്രോ)**

ഷൊർണൂരിനും കണ്ണൂരിനും ഇടയിൽ റെയിൽവേ പ്രഖ്യാപിച്ച പ്രത്യേക ട്രെയിൻ ഇന്ന് സർവ്വീസ് ആരംഭിക്കും. വൈകിട്ട് 3.40 ന് ട്രെയിൻ ഷൊർണ്ണൂരിൽ നിന്ന് യാത്ര തുടങ്ങും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**
**(വോയിസ്.................)**

=========================================

## പ്ലസ് വൺ അലോട്ട്മെൻറ്

കേരളത്തിൽ പ്ലസ് വൺ മുഖ്യ അലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിക്കാതിരുന്നവർക്കും ഇതുവരെ അപേക്ഷിക്കുവാൻ കഴിയാതിരുന്നവർക്കും സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിന് ഇന്ന് മുതൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള വേക്കൻസിയും മറ്റു വിവരങ്ങളും hscap.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

==================================================

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ള തിനാൽ മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

RNUTVPM

==================================================

## ഗുസ്തി

ജോർദാനിലെ അമ്മാനിൽ നടന്ന അണ്ടർ 23 ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഒന്നാമത്. ഫ്രീസ്റ്റൈൽ ഗുസ്തിയിൽ നാല് സ്വർണവും രണ്ട് വെള്ളിയും രണ്ട് വെങ്കലവും ഉൾപ്പെടെ എട്ട് മെഡലുകളാണ് ഇന്ത്യൻ യുവനിര സ്വന്തമാക്കിയത്.

70 കിലോഗ്രാം വിഭാഗത്തിൽ അഭിമന്യു, 92 കിലോയിൽ ജോയിന്റ് കുമാർ, 97 കിലോയിൽ സാഹിൽ ജഗ്ലാൻ, 125 കിലോ വിഭാഗത്തിൽ അനിരുദ്ധ് കുമാർ എന്നിവരാണ് സ്വർണം നേടിയത്. 65 കിലോയിൽ രോഹിതും 74 കിലോയിൽ ജയ്ദീപും വെള്ളി നേടി. അമിത്, ശുഭം എന്നിവർ 57, 79 കിലോ വിഭാഗങ്ങളിൽ വെങ്കല മെഡലുകൾ കരസ്ഥമാക്കി.
അണ്ടർ 23 ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ സംഘത്തിന്റെ  എക്കാലത്തെയും മികച്ച പ്രകടനമാണിത്. കസാക്കിസ്ഥാൻ രണ്ടാം സ്ഥാനവും കിർഗിസ്ഥാൻ മൂന്നാം സ്ഥാനവും നേടി.

==========================================

==========================================

==========================================

RNU TVPM